# കേരള കാർഷിക സർവ്വകലാശാല
# ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക്
# അപേക്ഷ ക്ഷണിച്ചു

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രത്തിന്റെ (സെന്റർ ഫോർ ഇ-ലേണിംഗ്) ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന 'മണ്ണ് സംരക്ഷണവും പരിപാലനവും' (Soil Health Management) എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറ് മാസമാണ് കോഴ്സിൻറെ കാലാവധി. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50 % മാർക്കോട് കൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. **അപേക്ഷകർക്ക് സ്വന്തമായി ഇ-മെയിൽ ഐ.ഡിയും മൊബൈൽഫോൺ നമ്പറും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.**

SSLC, പ്രീഡിഗ്രി / പ്ലസ് ടു / വി.എച്ച്.എസ്.ഇ. എന്നിവയിൽ ഏതെങ്കിലും / തത്തുല്ല്യമോ, ഉയർന്നതോ ആയ മറ്റ് വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ സ്കാൻ ചെയ്ത പകർപ്പ് celkau@gmail.com എന്ന ഇമെയിൽ വിലാസത്തിലേക്ക് അയക്കേണ്ടതാണ്. പ്രായ പരിധിയില്ലാതെ ഏത് ജോലി ചെയ്യുന്നവർക്കും മറ്റ് കോഴ്സുകൾ പഠിക്കുന്നവർക്കും ലോകത്തിന്റെ വിവിധ ഭാഗത്ത് താമസിക്കുന്നവർക്കും ഈ കോഴ്സിന് അപേക്ഷിക്കാവുന്നതാണ്.

നിശ്ചിത യോഗ്യതയുള്ളവർ 41795406771 എന്ന അക്കൗണ്ട് നമ്പറിലേക്ക് ഓൺലൈൻ ബാങ്കിംഗ് വഴിയോ, UPI വഴിയോ ചുവടെ ചേർത്തിട്ടുള്ള കോഴ്സ് ഫീസ് അടച്ച് പേര് രജിസ്റ്റർ ചെയ്യുക.

UPI id: CELKAU.981@oksbi

രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി : **2023 ഓഗസ്റ്റ് 8**

ഫീസ് നിരക്കുകൾ:

ഒരാൾക്ക് : **6500** രൂപ

വിദ്യാർഥികൾക്ക് (50% ഫീസ് ഇളവ്) : **3250** രൂപ

കുറഞ്ഞത് 20 പേർ അടങ്ങുന്ന ഗ്രൂപ്പ് ഒരുമിച്ച് രജിസ്റ്റർ ചെയ്താൽ : ഒരാൾക്ക് **5000** രൂപ വീതം

കുറഞ്ഞത് 50 പേർ അടങ്ങുന്ന ഗ്രൂപ്പ് ഒരുമിച്ച് രജിസ്റ്റർ ചെയ്താൽ : ഒരാൾക്ക് **4000** രൂപ വീതം

കുറഞ്ഞത് 100 പേർ അടങ്ങുന്ന ഗ്രൂപ്പ് ഒരുമിച്ച് രജിസ്റ്റർ ചെയ്താൽ : ഒരാൾക്ക് **3250** രൂപ വീതം

കോഴ്സുകൾ **2023 ഓഗസ്റ്റ് 9** ന് തുടങ്ങുന്നതാണ്. കൂടുതൽ വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com -ലേക്ക് ഇ-മെയിൽ ആയോ 0487 2438567, 0487 2438565, 8547837256, 9497353389 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

Vellanikkara,
11/07/2023

Sd/-
Director (CeL)